**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2241** **30-09-2025 - ൽ മറുപടിയ്ക്ക്**

**എറണാകുളം ജനറൽ ആശുപത്രിക്ക് കുടിശിക നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ ഇൻഷ്വറൻസ് ചികിത്സയുമായി ബന്ധപ്പെട്ട് എറണാകുളം ജനറൽ ആശുപത്രിക്ക് സർക്കാരിൽ നിന്നും ലഭിക്കാനുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | ലഭ്യമായ വിവരമനുസരിച്ച് SHA യിൽ നിന്നും ആരോഗ്യ ഇൻഷ്വറൻസ് ചികിത്സയുമായി ബന്ധപ്പെട്ട് എറണാകുളം ജനറൽ ആശുപത്രിക്ക് ₹ 73.04 കോടി രൂപ നൽകാനുണ്ട്. അതിൽ കാസ്പ് പദ്ധതി പ്രകാരം 54.94 കോടി രൂപയും, കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം 17.96 കോടി രൂപയും കുടിശ്ശിക ഇനത്തിൽ നൽകാനുണ്ട്. കുടിശ്ശിക നിലനിൽക്കുന്നു എന്ന കാരണത്താൽ ആശുപത്രികൾ, രോഗികൾക്ക് ചികിത്സ നിഷേധിക്കുന്ന സാഹചര്യം ഉണ്ടാകരുത് എന്ന നിർദേശം എല്ലാ ആശുപത്രികൾക്കും നൽകിയിട്ടുണ്ട്. |
| (ബി) | കാസ്പ്, കാരുണ്യ ബെനവലന്റ് ഫണ്ട് എന്നീ സ്കീമുകളിലായി എത്ര രൂപയാണ് എറണാകുളം ജനറൽ ആശുപത്രിക്ക് നൽകുവാനുള്ളതെന്ന് അറിയിക്കാമോ; | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു |
| (സി) | പ്രധാനമന്ത്രിയുടെ ചികിത്സാ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത ആശുപത്രിക്ക് തുക നൽകാനുണ്ടോ; വിശദാംശം നൽകാമോ; | (സി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു |
| (ഡി) | ഈ തുകകൾ സമയത്ത് നൽകാത്തത് മൂലം പാവപ്പെട്ട രോഗികളുടെ ചികിത്സ മുടങ്ങുന്നത് തടയാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു |
| (ഇ) | എറണാകുളം ജനറൽ ആശുപത്രിയിലെ വിവിധ സേവനങ്ങൾക്ക് വേണ്ടി ഉപകരണങ്ങൾ വാങ്ങിയ ഇനത്തിൽ (പർച്ചേസ് ഇനത്തിൽ കൺസ്യൂമബിൾസ് ഉൾപ്പടെ) എത്ര രൂപ സർക്കാരിൽ നിന്ന് ആശുപത്രിയിലേക്ക് നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ? | (ഇ) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ